പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2352 — 18/02/2016 ൽ മറുപടിക്ക്

## ഇടുക്കിയിലെ ജില്ലാ ആശുപത്രികൾ

| ചോദ്യം<br>ശ്രീ.കെ.കെ.ജയചന്ദ്രൻ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഇടുക്കി ജില്ലയിൽ ആരോഗ്യ വകുപ്പിന്റെ കീഴിൽ ഒന്നിൽ കൂടുതൽ ജില്ലാ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ എവിടെയൊക്കെയാണ് പ്രവർത്തിക്കുന്നത്; വിശദാംശം നൽകാമോ; | (എ) | ഉണ്ട്. ജില്ലാ ആശുപത്രി - ഇടുക്കി, ജില്ലാ ആശുപത്രി - തൊടുപുഴ എന്നീ രണ്ട് ജില്ലാ ആശുപത്രികൾ ഇടുക്കി ജില്ലയിലുണ്ട്. |
| (ബി) | തൊടുപുഴ താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയായി ഉയർത്തിയിട്ടുണ്ടോ; ജില്ലാ ആശുപത്രിയുടെ പദവി നൽകിയപ്പോൾ പുതിയതായി എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ; | (ബി) | പദവി ഉയർത്തിയിട്ടുണ്ട്. പദവി നൽകിയതോടനുബന്ധിച്ച് 15 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| 1 | സീനിയർ കൺസൾട്ടന്റ് | 3 |
| 2 | കൺസൾട്ടന്റ് | 2 |
| 3 | ജൂനിയർ കൺസൾട്ടന്റ് | 3 |
| 4 | ഫിസിയോ തെറാപിസ്റ്റ് | 1 |
| 5 | സ്റ്റാഫ് നഴ്സ്-ഗ്രേഡ് 2 | 2 |
| 6 | ലാബ് ടെക്നീഷ്യൻ ഗ്രേഡ് 2 | 1 |
| 7 | ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് 2 | 3 |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത തസ്തികകളിൽ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; | (സി) | ഇല്ല. സീനിയർ കൺസൾട്ടന്റ്, കൺസൾട്ടന്റ് എന്നീ തസ്തികകളിൽ ഡി.പി.സി. കൂടി പ്രമോഷൻ അർഹതയുള്ളവർക്ക് നിയമനം നൽകുന്നതാണ്. ജനറൽ കേഡറിൽ ജോലി നോക്കി വരുന്ന യോഗ്യരായ ഡോക്ടർമാരിൽ നിന്ന് ഓപ്ഷൻ സ്വീകരിച്ച് ജൂനിയർ കൺസൾട്ടന്റ് തസ്തികയിലേയ്ക്ക് നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| (ഡി) | ചെറുതോണിയിൽ പ്രവർത്തിക്കുന്ന ആശുപത്രി ജില്ല ആശുപത്രിയാണോ, മെഡിക്കൽ കോളേജാണോ എന്നത് സംബന്ധിച്ച വിശദീകരണം നൽകാമോ; | (ഡി) | ചെറുതോണിയിൽ പ്രവർത്തിക്കുന്ന ആശുപത്രി നിലവിൽ മെഡിക്കൽ കോളേജ് ആശുപത്രി യായാണ് പ്രവർത്തിക്കുന്നത്. |
| (ഇ) | ജില്ലാ ആശുപത്രിയുടെ സേവനവും മെഡിക്കൽ കോളേജിന്റെ സേവനവും ഒരു സ്ഥാപനത്തിൽ നിന്നാണോ ലഭിക്കുന്നത്; ആണെങ്കിൽ എന്തുകൊണ്ട് എന്ന് വിശദീകരിക്കാമോ; | (ഇ) | ജില്ലാ ആശുപത്രിയെ നിലവിൽ മെഡിക്കൽ കോളേജ് ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്. എല്ലാ ജില്ലകളിലും സർക്കാർ മെഡിക്കൽ കോളേജുകൾ എന്ന സർക്കാർ നയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായാണ് ചെറുതോണിയിൽ പ്രവർത്തിച്ചിരുന്ന ജില്ലാ ആശുപത്രിയെ മെഡിക്കൽ കോളേജ് ആശുപത്രി യായി ഉയർത്തിയിട്ടുള്ളത്. |
| (എഫ്) | ചെറുതോണിയിൽ പ്രവർത്തിച്ചിരുന്ന ജില്ലാ ആശുപത്രിയിലെ ജീവനക്കാരെ തൊടുപുഴ ആശുപത്രിയിലേക്ക് മാറ്റുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ ? | (എഫ്) | ഇക്കാര്യം സംബന്ധിച്ച് ഇതുവരെ തീരുമാനമായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**